
# Essentials of Learning Mathematics X
# Module 2

## Worksheet 12


1. ഒരു സമാന്തരശ്രേണിയുടെ ബീജഗണിതം $7n + 3$ആണ്. ഈ ശ്രേണിയുടെ രണ്ട് പദങ്ങൾ തമ്മിലുള്ള വ്യത്യാസം $357$ആകുമോ? എന്തുകൊണ്ട് ?
2. ഒരു സമാന്തരശ്രേണിയുടെ $7$-ാം പദം $51$ആയാൽ ആദ്യപദത്തിന്റെയും പതിമൂന്നാം പദത്തിന്റെയും തുക എത്രയാണ് ?
3. $9$പദങ്ങളുള്ള സമാന്തരശ്രേണിയുടെ ഒന്നാം പദവും ഒൻപതാം പദവും കൂട്ടിയാൽ $72$കിട്ടും . അഞ്ചാമത്തെ പദം എത്രയാണ് ?
4. $7, 13, 19 \cdots$എന്ന സമാന്തരശ്രേണിയുടെ പൊതുവ്യത്യാസം എത്രയാണ് ? ഈ ശ്രേണിയിലെ പദങ്ങളെ പൊതുവ്യത്യാസം കൊണ്ട് ഹരിച്ചാൽ ശിഷ്ടംഎത്രയാണ് ? $247$ഈ ശ്രേണിയിലെ പദമായിരിക്കുമോ? ആണെങ്കിൽ എത്രാമത്തെ പദമാണ് ?
5. ആദ്യത്തെ $n$എണ്ണൽസംഖ്യകളുടെ തുക കണക്കാക്കുന്നതിനുള്ള സൂത്രവാക്യം എഴുതുക. ഈ സൂത്രവാക്യം ഉപയോഗിച്ച് $1$മുതൽ $60$വരെയുള്ള എണ്ണൽസംഖ്യകളുടെ തുക കണക്കാക്കുക

## Worksheet 13


1. ഒരു വൃത്തം വരച്ച് അതിന്റെ കേന്ദ്രം ശീർഷമാക്കി $60^\circ$കോൺ വരക്കുക. ഈ വൃത്തത്തിൽ ശീർഷം വരുന്നവിധം $30^\circ$ കോണും $150^\circ$കോണും വരക്കുക. ഈ നിർമ്മിതിക്കായി ഉപയോഗിച്ചിരിക്കുന്ന ജ്യാമിതീയ തത്വം എഴുതുക
2. ചിത്രത്തിൽ കൊടുത്തിരിക്കുന്ന അളവുകൾ ഉപയോഗിച്ച് $x, y, z$എന്നീ കോണുകൾ കണക്കാക്കുക




3. $1, 9, 4$എന്നീ സംഖ്യകൾ യോജിപ്പിച്ച് ക്ലോക്ക് മുഖത്തിൽ ത്രികോണം വരച്ചിരിക്കുന്നു. ത്രികോണത്തിന്റെ കോണുകൾ എത്രയാണ്?




4. ത്രികോണം $ABC$യിൽ$\angle A = 40^\circ, \angle B = 80^\circ$. ശീർഷങ്ങൾ $3$സെന്റീമീറ്റർ ആരമുള്ള വൃത്തത്തിലെ ബിന്ദുക്കളാണ് . ത്രികോണം വരക്കുക
5. ത്രികോണം $ABC$യിൽ $\angle A = 20^\circ, \angle C = 30^\circ$ആയാൽ $\angle B$എത്രയാണ് ? $\angle AOC, \angle ADC$എന്നിവ കണക്കാക്കുക




6. $2.5$സെന്റീമീറ്റർ ആരമുള്ള വൃത്തത്തിൽ ശീർഷങ്ങൾ വരത്തക്കവിധം $5$സെന്റീമീറ്റർ വികർണ്ണവും $4$സെന്റീമീറ്റർ വശവുമുള്ള ചതുരം വരക്കുക

## Worksheet 14

1. ഒരു സമചതുരത്തിന്റെ വശങ്ങളുടെ മധ്യബിന്ദുക്കൾ യോജിപ്പിച്ച് മറ്റൊരു സമചതുരം വരക്കുന്നു. അകത്തെ സമചതുരം ഷേഡ് ചെയ്യുന്നു. ഈ ചിത്രത്തിലേക്ക് നോക്കാതെ ഒരു കുത്തിട്ടാൽ ആ കുത്ത് ഷേയ്ഡ് ചെയ്ത ഭാഗത്ത് ആകാനുള്ള സാധ്യത കണക്കാക്കുക
2. $2, 3, 4$എന്നീ സംഖ്യകൾ ഓരോന്നും ചെറിയ കാർഡുകളിൽ എഴുതി പെട്ടിയിൽ ഇട്ടിരിക്കുന്നു. $\frac{1}{2}, \frac{1}{3}, \frac{1}{4}$എന്നീ സംഖ്യകൾ മറ്റൊരു പെട്ടിയിൽ എഴുതിയിട്ടിരിക്കുന്നു. അതിൽനിന്നും നോക്കാതെ ഒരെണ്ണം എടുത്താൽ കിട്ടുന്നതിന്റെ ഗുണനഫലം ഒരു എണ്ണൽസംഖ്യ ആകാനുള്ള സാധ്യത കണക്കാക്കുക
3. $1, 2, 3$എന്നീ സംഖ്യകൾ ഉപയോഗിച്ച് സാധ്യമായ രണ്ടക്കസംഖ്യകൾ എഴുതുക. ഇവ ഓരോന്നും കടലാസ് കഷണങ്ങളിൽ എഴുതി ഒരു പെട്ടിയിലിട്ടിരിക്കുന്നു. ഇതിൽനിന്നും നോക്കാതെ ഒരെണ്ണം എടുത്താൽ കിട്ടുന്നത് ഒറ്റസംഖ്യ ആകാനുള്ള സാധ്യത കണക്കാക്കുക. കിട്ടുന്നത് ഇരട്ടസംഖ്യ ആകാനുള്ള സാധ്യത കണക്കാക്കുക. കിട്ടുന്നത് $11$ന്റെ ഗുണിതമാകാനുള്ള സാധ്യത കണക്കാക്കുക
4. വൃത്തത്തിൽ സമഭുജത്രികോണം വരച്ച് ഷേയ്ഡ് ചെയ്തിരിക്കുന്നു. ത്രികോണത്തിന്റെ ശീർഷങ്ങൾ വൃത്തത്തിലാണ് . ഇതിലേക്ക് നോക്കാതെ ഒരു കുത്തിട്ടാൽ ആ കുത്ത് ത്രികോണത്തിലാകാനുള്ള സാധ്യത കണക്കാക്കുക
5. വൃത്തത്തിൽ പരമാവധി വലുപ്പമുള്ള സമചതുരം വരച്ച് സമചതുരം ഷേഡ് ചെയ്തിരിക്കുന്നു. ഇതിലേക്ക് നോക്കാതെ ഒരു കുത്തിട്ടാൽ കുത്ത് ഷേയ്ഡിൽ വീഴാനുള്ള സാധ്യത കണക്കാക്കുക


## Worksheet 15

1. $x^2 + 12x + 11 = 0$എന്ന സമവാക്യത്തിന്റെ പരിഹാരം വർഗ്ഗത്തികവ് രീതിയിൽ കണക്കാക്കുക
2. ഒരു കുട്ടിയുടെ $5$വർഷത്തിന് മുൻപുള്ള പ്രായത്തിന്റെയും $9$വർഷത്തിന് ശേഷമുള്ള പ്രായത്തിന്റെയും ഗുണനഫലം $15$ആണ് . ഇപ്പോഴത്തെ പ്രായം $x$ആയി കണക്കാക്കി സമവാക്യം രൂപീകരിക്കുക
3. രണ്ട് സംഖ്യകളുടെ തുക $27$,ഗുണനഫലം $182$. ഒരു സംഖ്യ $x$ആയി കണക്കാക്കി സമവാക്യം രൂപീകരിക്കുക . സംഖ്യകണക്കാക്കുക
4. ചതുരാകൃതിയിലുള്ള ഒരു കളിസ്ഥലത്തിന്റെ പരപ്പളവ് $28$ആണ് .കളിസ്ഥലത്തിന്റെ നീളം ,വീതിയുടെ രണ്ട് മടങ്ങിനേക്കാൾ $13$കൂടുതലാണ് . വീതിയും നീളവും കണക്കാക്കുക
5. തുടർച്ചയായ രണ്ട് എണ്ണൽസംഖ്യകളുടെ ഗുണനഫലം $306$ആണ് .സംഖ്യകൾ കണക്കാക്കുക


## Worksheet 16

1. ചിത്രത്തിൽ കൊടുത്തിരിക്കുന്ന അളവുകൾ ഉപയോഗിച്ച് മട്ടത്രികോണത്തിന്റെ കർണ്ണത്തിൽ വരച്ചിരിക്കുന്ന സമചതുരത്തിന്റെ വശം കണക്കാക്കുക. സമചതുരത്തിന്റെ പരപ്പളവും വികർണ്ണത്തിന്റെ നീളവും കണക്കാക്കുക


www.shenischool.in To Join our whatsapp/Telegram grp SMS to 9447490316





2. $10$സെന്റീമീറ്റർ വശത്തിന്റെ നീളമുള്ള സമഭുജത്രികോണത്തിന്റെ പരിവൃത്തത്തിന്റെ ആരം കണക്കാക്കുക
3. ഒരു സമഭുജത്രികോണത്തിന്റെ ചുറ്റളവ് $30$സെന്റീമീറ്ററാണ് . ഒരുവ വശത്തേക്കുള്ള ഉന്നതിയും ത്രികോണത്തിന്റെ പരപ്പളവും കണക്കാക്കുക
4. ഒരു ത്രികോണത്തിന്റെ ഒരു കോൺ $30^\circ$യും എതിർവശം $10$സെന്റീമീറ്ററുമാണ് . ഈ ത്രികോണത്തിന്റെ പരിവൃത്തത്തിന്റെ ആരം കണക്കാക്കുക
5. ചിത്രത്തിൽ കാണുന്ന അളവുകൾ ഉപയോഗിച്ച് ചതുരത്തിന്റെ നീളവും വീതിയും കണക്കാക്കുക





## Worksheet 17

1. $A(-4,2), B(4,2), C(1,-4), D(-1,-4)$എന്നീ ബിന്ദുക്കൾ ക്രമത്തിൽ യോജിപ്പിച്ച് കിട്ടുന്ന $ABCD$എന്ന ചതുർഭുജത്തിന്റെ പേരെന്ത്? പരപ്പളവ് കണക്കാക്കുക
2. $A(-4,4), B(4,4), C(4,-4), D(-4,-4)$എന്നീ ബിന്ദുക്കൾ യോജിപ്പിച്ച് കിട്ടുന്ന ജ്യമിതീയരൂപം എന്ത്? ഈ രൂപത്തിന്റെ ചുറ്റളവും പരപ്പളവും കണക്കാക്കുക
3. ആധാരബിന്ദു കേന്ദ്രമായ വൃത്തത്തിലെ ഒരു ബിന്ദുവാണ് $(3,4)$എങ്കിൽ വൃത്തത്തിന്റെ ആരം കണക്കാക്കുക. ഈ വൃത്തം സൂചകാക്ഷങ്ങളെ ഖണ്ഡിക്കുന്ന ബിന്ദുക്കൾ ഏതെല്ലാം ? ഈ വൃത്തത്തിലെ മറ്റ് മൂന്ന് ബിന്ദുക്കൾ കൂടി കണക്കാക്കുക. $4,3)$ഈ വൃത്തത്തിലെ ബിന്ദുവാണോ?
4. ആധാരബിന്ദു കേന്ദ്രമായ വൃത്തത്തിലെ ബിന്ദുവാണ് $(4,3)$എങ്കിൽ ഈ വൃത്തത്തിൽ ശീർഷങ്ങൾ വരുന്ന ,ഒരു ശീർഷം $(4,3)$ആയ ചതുരത്തിന്റെ മറ്റ് മൂന്ന് ശീർഷങ്ങളുടെയും സൂചകസംഖ്യകൾ എഴുതുക
5. ചിത്രത്തിൽ വൃത്തകേന്ദ്രം ആധാരബിന്ദുവാണ് . $(5,12)$വൃത്തത്തിലെ ബിന്ദുവാണ് . ഈ വൃത്തത്തിൽ $P$എന്ന മറ്റൊരു ബിന്ദു അടയാളപ്പെടുത്തിയിരിക്കുന്നു. $P$യുടെ സൂചകസംഖ്യകൾ കണക്കാക്കുക




## Worksheet 18

1. ഒരു വൃത്തത്തിന്റെ കേന്ദ്രത്തിൽനിന്നും $26$സെന്റീമീറ്റർ അകലെനിന്നും വൃത്തത്തിലേക്ക് വരക്കുന്ന തൊടുവരയ്ക്ക് $24$സെന്റീമീറ്റർ നീളമുണ്ട് . ആരം കണക്കാക്കുക
2. $O$കേന്ദ്രമായ വൃത്തത്തിന്റെ പുറത്തുനിന്നും വരക്കുന്ന തൊടുവരയാണ് $PQ$. വൃത്തത്തിന്റെ ആരം $6$സെന്റീമീറ്റർ ആണ്. കോൺ $PQO = 60^\circ$.ഞാണിന്റെ നീളം കണക്കാക്കുക. $OQ$കണക്കാക്കുക
3. ഒരു വൃത്തത്തിന്റെ പുറത്തുള്ള ബിന്ദുവിൽനിന്നും വൃത്തത്തിലേക്ക് രണ്ട് തൊടുവരകൾ വരച്ചിരിക്കുന്നു. ഈ തൊടുരകൾക്കിടയിലുള്ള കോൺ $40^\circ$ആയാൽ തൊടുന്ന ബിന്ദുവിലൂടെയുള്ള ആരങ്ങൾക്ക് ഇടയിലുള്ള കോൺ എത്രയാണ് ?
4. ചിത്രത്തിൽനിന്നും $x, y, z$എന്നിവ കണക്കാക്കുക




5. ഒരു സമഭുജത്രികോണത്തിന്റെ പരിവൃത്തത്തിന് ത്രികോണശീർഷങ്ങളിലൂടെയുള്ള തൊടുവരകൾ ചേർന്ന് മറ്റൊരു സമഭുജത്രികോണം ഉണ്ടാക്കുമെന്ന് തെളിയിക്കുക

## Worksheet 19

1. $10$സെന്റീമീറ്റർ ആരമുള്ള വൃത്താകൃതിയിലുള്ള തകിടിൽനിന്നും $108$ഡിഗ്രി കേന്ദ്രകോണുള്ള ഒരു വൃത്താംശം മുറിച്ചെടുക്കുന്നു. അത് വളച്ച് വൃത്തസ്തൂപിക ഉണ്ടാക്കിയാൽ വൃത്തസ്തൂപികയുടെ ചരിവുയരം എത്രയായിരിക്കും ? സ്തൂപികയുടെ ആരവും ഉയരവും കണക്കാക്കുക.
2. ഒരു വൃത്തതകിടിൽനിന്നും വൃത്താംശം മുറിച്ചെടുത്ത് മടക്കി വൃത്തസ്തൂപിക നിർമ്മിക്കുന്നു. വൃത്താംശത്തിന്റെ ആരം $8$സെന്റീമീറ്ററും കേന്ദ്രകോൺ $40^\circ$ആയാൽ സ്തൂപികയുടെ പാർശ്വമുഖ പരപ്പളവ് എത്രയാണ് ? ഈ സ്തൂപികയുടെ പാദം പൊതിയുന്നതിന് ആവശ്യമായ കകിടിന്റെ പരപ്പളവ് കണക്കാക്കുക. സ്തൂപികയുടെ ഉപരിതലപരപ്പളവ് കണക്കാക്കുക
3. $10$സെന്റീമീറ്റർ ആരമുള്ള അർദ്ധവൃത്തം വളച്ചുണ്ടാക്കുന്ന വൃത്തസ്തൂപികയുടെ ചരിവുയരം എത്ര? ആരം എത്രയാക്കുക. ?
4. ഒരു വൃത്തസ്തൂപികയുടെ ആരം $5$സെന്റീമീറ്റർ , ഉന്നതി $12$ സെന്റീമീറ്റർ ആയാൽ ചരിവുയരം കണക്കാക്കുക. പാർശ്വമുഖപരപ്പളവ് കണക്കാക്കുക. വ്യാപ്തം കണക്കാക്കുക
5. പാദചുറ്റളവ് $64$സെന്റീമീറ്ററും വ്യാപ്തം $1280$ഘനസെന്റീമീറ്ററും ആയസമചതുരസ്തൂപികയുടെ ഉപരിതലപരപ്പളവ് കണക്കാക്കുക

## Worksheet 20

1. $x^3 - 4x^2 + 5x + 10$എന്ന ബഹുദത്തെ $x + 1$കൊണ്ട് ഹരിച്ചാൽ ഹരണഫലവും ശിഷ്ടവും കണക്കാക്കുക
2. $x^3 + x^2 + x + 1$എന്ന ബഹുപദത്തെ $x - 1$കൊണ്ട് ഹരിച്ചാൽ ഹരണഫലവും ശിഷ്ടവും എത്രയാണ്?
3. $x^3 - 6x^2 + 7x + 1$എന്ന ബഹുപദത്തെ $x + 2$കൊണ്ട് ഹരിച്ചാൽ ഹരണഫലവും ശിഷ്ടവും കണക്കാക്കുക
4. $x^2 + 11x + 30$എന്ന ബഹുപദത്തെ രണ്ട് ഒന്നാംകൃതി ബഹുപദങ്ങളുടെ ഗുണനഫലമായി എഴുതുക. $x^2 + 11x + 30 = 0$എന്ന സമവാക്യത്തിന്റെ പരിഹാരം കണക്കാക്കുക
5. $x^2 - 6x + 8 = 0$എന്ന സമവാക്യത്തിന്റെ പരിഹാരം ഘടകക്രീയാരീതിയിൽ കണക്കാക്കുക

## Worksheet 21

1. $(4,-3), (9,7)$എന്നീ ഹിന്ദുക്കൾ യോജിപ്പിക്കുന്ന വരയെ $3:2$എന്ന അംശബന്ധത്തിൽ ഭാഗിക്കുന്ന ബിന്ദുവിന്റെ സൂചകസംഖ്യകൾ എഴുതുക
2. $(2,10), (6,5)$എന്നീ ബിന്ദുക്കളെ യോജിപ്പിക്കുന്ന വരയെ $1:3$എന്ന അംശബന്ധത്തിൽ ഭാഗിക്കുന്ന ബിന്ദുവിന്റെ സൂചകസംഖ്യകൾ എഴുതുക
3. ഒരു വൃത്തത്തിന്റെ വ്യാസാഗ്രങ്ങൾ $(1,2), (3,6)$ആയാൽ കേന്ദ്രത്തിന്റെ സൂചകസംഖ്യകൾ കണക്കാക്കുക
4. $AB$എന്നത് വൃത്തത്തിന്റെ വ്യാസമാണ് . $B(1,4)$, വൃത്തകേന്ദ്രം $O(3,-4)$ആയാൽ $A$യുടെ സൂചകസംഖ്യകൾ കണക്കാക്കുക
5. ത്രികോണം $ABC$യിൽ ,അ(5,-7),ആ(4,7),ഇ(6,-5), $AD$ഒരു നടുവരയാണ് .$D$യുടെ സൂചകസംഖ്യകൾ എഴുതുക. ത്രികോണത്തിന്റെ മധ്യബിന്ദുവിന്റെ സൂചകസംഖ്യകൾ കണക്കാക്കുക